**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **07-10-2025 - ൽ മറുപടിയ്ക്ക്**

**വിട്ടുകൊടുത്ത വനഭൂമിക്ക് പകരം ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര വനഭൂമി വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ പത്ത്‌വർഷ കാലയളവിൽ (2015-16 മുതൽ 2024-25) 1980-ലെ വന സംരക്ഷണ നിയമപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 146 വിവിധ വികസന പ്രവർത്തനങ്ങൾക്കായി 196.46 ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട്. |
| (ബി) | 1980 -ലെ വനസംരക്ഷണ നിയമ പ്രകാരം ഇപ്രകാരം വിട്ടുകൊടുത്ത വനഭൂമിക്ക് തത്തുല്യമായ അളവിൽ വനവൽക്കരണത്തിന് പകരം ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിട്ടുകൊടുത്ത വനഭൂമിക്ക് പകരമായി 1980-ലെ വനസംരക്ഷണ നിയമത്തിൽ അനുശാസിക്കും പ്രകാരം പരിഹാരവനവൽക്കരണത്തിന് ലഭിക്കേണ്ട ഭൂമി ലഭിച്ചിട്ടുണ്ട്.<br><br>അംഗീകരിച്ച 146 പ്രപ്പോസലുകളിലായി 196.46 ഹെക്ടർ വനഭൂമി വിട്ടുനൽകിയിട്ടുണ്ട്. ആയതിൽ പരിഹാരവനവത്കരണം ആവശ്യമായ 15 പ്രൊപ്പോസലുകളിൽ 173.2655 ഹെക്ടർ വനഭൂമിയ്ക്ക് പകരമായി 20.1348 ഹെക്ടർ വനേതരഭൂമി വനവത്കരണത്തിനായ ലഭിച്ചിട്ടുണ്ട്. കൂടാതെ 73.4206 ഹെക്ടർ ഡീഗ്രേഡഡ് വനഭൂമിയിലും പരിഹാരവനവത്കരണം നടത്തിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വനഭൂമിയിൽ എത്ര വ്യത്യാസം ഉണ്ടായിട്ടുണ്ടെന്നും വനവൽക്കരണത്തിനായി എത്ര ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും അറിയിക്കുമോ? | (സി) | നിലവിൽ ലഭ്യമായ ക്രോഡീകരിക്കപ്പെട്ട ഭരണ റിപ്പോർട്ടുകൾ പ്രകാരം 2013-14 മുതൽ 2022-23 വരെയുള്ള വനവിസ്തൃതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>ടി 10 വർഷത്തെ വന വിസ്തൃതിയുടെ കണക്ക് പരിശോധിക്കുമ്പോൾ വനവിസ്തൃതിയിൽ 222.433 ഹെക്ടർ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>2014-15 മുതൽ 2024-25 വരെയുള്ള കാലയളവിൽ പരിഹാര വനവത്കരണത്തിനായി CAMPA ശീർഷകത്തിൽ1301.56 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | വനവിസ്തൃതി |
|---|---|
| 2013-14 | 11309.475 |
| 2014-15 | 11309.475 |
| 2015-16 | 11309.475 |
| 2016-17 | 11524.411 |
| 2017-18 | 11521.813 |
| 2018-19 | 11520.058 |
| 2019-20 | 11521.993 |
| 2020-21 | 11524.913 |
| 2021-22 | 11531.139 |
| 2022-23 | 11531.908 |